(ബി) ഉണ്ടെങ്കിൽ എന്താണു് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ഉണ്ടു്.

(ബി) തുക്കർ ഡിസ്ട്രിക്ട് കളക്ടരോടു് പപ്പുവിന്റെ മരണത്തിനു് ആസ്പദമായ വിവരങ്ങളെപ്പറ്റി അന്വേഷിച്ചു് ഗവണ്മെൻറിനു് ഒരു റിപ്പോർട്ടു് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടു്.

തമിഴ്നാട്ടു് പ്രക്ഷോഭണം സംബന്ധിച്ചുള്ള അന്വേഷണം.

* 99. [42] ശ്രീ. പി. കെ. യശോധരൻ : താഴെ പറയുന്ന ചോദ്യത്തിനു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

തമിഴ്നാട്ടു് പ്രക്ഷോഭണം സംബന്ധിച്ചുണ്ടായ അനിഷ്ടസംഭവങ്ങളെപ്പറ്റി എന്തെങ്കിലും അന്വേഷണം ഈ മന്ത്രിസഭയുടെ കാലത്തു് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണു് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) : പ്രത്യേക അന്വേഷണങ്ങളൊന്നും നടത്തിയിട്ടില്ല.

മരിച്ചീനി സഹകരണസംഘങ്ങൾ.

* 100. [43] ശ്രീ. ഡി. വിവേകാനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു് പുതുതായി എത്ര മരച്ചീനി സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടു് ;

(ബി) ഈ സംഘങ്ങൾ എന്തു പ്രവർത്തനമാണു് നടത്തുന്നതു്;

(സി) മരച്ചീനിമാവു് കൊണ്ടുള്ള വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള പ്രവർത്തനം എത്തുവരെയായി ;

(ഡി) സാഗോ ഫാക്ടറിയും ഗ്ലൂക്കോസു് ഫാക്ടറിയും എന്നു് തുടങ്ങാൻ കഴിയുമെന്നാണു് പ്രതീക്ഷിക്കുന്നതു് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) പുതുതായി 194 മരച്ചീനി സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടു്.

(ബി) ഗവണ്മെൻറിനു് വിൽക്കാനായി കപ്പ വിലയ്ക്കെടുക്കുന്നു.

(സി) ഈ കാര്യത്തെപ്പറ്റി 'മരച്ചീനി വിപണി വികസന ബോർഡു്' പരിഗണിച്ചുകൊണ്ടിരിക്കുന്നു.

(ഡി) ഇതു് സംബന്ധിച്ചു് തീരുമാനമായിട്ടില്ല.

കാർഷിക കാളേജു്.

* 101. [45] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു് ഒരു കാർഷിക കാളേജു് സ്ഥാപിക്കുവാൻ കേന്ദ്രഗവണ്മെൻറിനോടു് ഈ ഗവണ്മെൻറു് എന്തെങ്കിലും ധനസഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly